ആർ.ബി.ഐ/2005-06/188

ഡി.ജി.ബി.എ. ജി.എ.ഡി. നമ്പർ എച്ച്-4112/42.01.034/2005-06.

എല്ലാ ഏജൻസി ബാങ്കുകളുടേയും

(ജമ്മു & കാശ്മീർ ബാങ്ക് ലിമിറ്റ് അടക്കം) 25, ഒക്ടോബർ 2005

ചെയർമാൻ / ചെയർമാൻ & എം.ഡി)

സർ,

OLTAS - പ്രത്യക്ഷ നികുതി ചലാനുകൾക്കായി ടാക്സ് ഡ്രോപ്പ് ബോക്സ് സൗകര്യം.

ഓൺ ലൈൻ ടാക്സ് അക്കൗണ്ടിങ്ങ് സിസ്റ്റവുമായി (OLTAS) ബന്ധപ്പെട്ടുള്ള PAN/TAN എന്നിവയിൽ നിരവധി ഡാറ്റാ എൻട്രി പിശകുകൾ കണ്ടെത്തിയതായി ഇൻകം ടാക്സ് ഡയറക്ടറേറ്റ് (സിസ്റ്റംസ്) റിപ്പോർട്ട് ചെയ്തിരിക്കുന്നു. ഇത്തരം പിശകുകൾ സംഭവിക്കുന്നതിനുള്ള കാരണങ്ങളിൽ ഒന്ന്, നികുതി ദായകർ ബ്രാഞ്ചുകളിൽ സൂക്ഷിച്ചിട്ടുള്ള ഡ്രോപ്പ് ബോക്സുകളിൽ ചലാനുകൾ നിക്ഷേപിക്കുന്നതാണ്. ഇപ്രകാരം ചലാനുകൾ നേരിട്ട് ഡ്രോപ്പ് ബോക്സുകളിൽ നിക്ഷേപിക്കുമ്പോൾ, ബാങ്ക് ഉദ്യോഗസ്ഥന്മാർക്ക് ചലാന്റെ വിശദാംശങ്ങൾ OLTAS സിസ്റ്റത്തിലേക്ക് ചേർക്കുന്നതിനുമുമ്പ്, ടാക്സടക്കുന്ന ആളോട് ചോദിച്ച് പരിശോധിക്കാനുള്ള അവസരം കിട്ടാതെ പോവുന്നു.

2. ഈ സാഹചര്യത്തിൽ, ഡാറ്റാ എൻട്രി നടത്തുമ്പോൾ സംഭവിക്കുന്ന പിശകുകൾ ഒഴിവാക്കുന്നതിനായി പ്രത്യക്ഷ നികുതി ചലാനുകൾ നേരിട്ട് ഡ്രോപ്പ് ബോക്സിൽ നിക്ഷേപിക്കുന്ന പതിവ് നിർത്തലാക്കുവാൻ OLTAS ഉന്നതാധികാരക്കമ്മിറ്റി തീരുമാനിച്ചിരിക്കുന്നു. ആകയാൽ പ്രത്യക്ഷ നികുതി ചലാനുകൾ നേരിട്ട് ഡ്രോപ്പ് ബോക്സിൽ നിക്ഷേപിക്കുന്ന സമ്പ്രദായം തടയുന്നതിനായി അനുയോജ്യമായ നോട്ടീസ് പ്രദർശിപ്പിക്കുവാൻ പ്രത്യക്ഷ നികുതി സ്വീകരിക്കുന്ന നിങ്ങളുടെ ബ്രാഞ്ചുകൾക്ക് നിർദ്ദേശം നൽകുവാൻ അഭ്യർത്ഥിക്കുന്നു.

വിശ്വസ്തതയോടെ,

(എം.ടി.വർഗീസ്)

ജനറൽ മാനേജർ